**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ നിന്നും ഇൻഫർമേഷൻ കേരള മിഷനിൽ ഡൊമെയിൻ എക്സ്പർട്ടുമാരെ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1181/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 17.04.2017

================================================================

പരാമർശം: 1. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.03.2017-ലെ 1250/ഇ 4/ഐകെഎം/2017 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 28.03.2017-ലെ ഇ 4-30035/16 നമ്പർ കത്ത്

**ഉത്തരവ്**

ഐ.കെ.എം.വികസിപ്പിച്ച വിവിധ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളിൽ അവഗാഹമുള്ള 4 ഡൊമെയിൽ എക്സ്പർട്ടുമാരെ അടിയന്തരമായി ഇൻഫർമഷൻ കേരള മിഷനിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയോഗിക്കണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ 4 ഉദ്യോഗസ്ഥരെ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിക്കുകയും അവരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് തടസ്സമില്ലായെന്ന വിവരം പരാമർശം (2) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അബ്ദുൾ ബഷീർ പി.കെ, കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. സന്തോഷ് കുമാർ വി.പി, മാന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിജുകുമാർ ആർ.റ്റി, കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. സനീഷ് കെ. എന്നിവരെ ഇൻഫർമേഷൻ കേരള മിഷനിൽ ഡൊമെയിൻ എക്സ്പർട്ടുമാരായി നിലവിലുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 1 വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. അബ്ദുൾ ബഷീർ പി.കെ, അസിസ്റ്റന്റ് സെക്രട്ടറി, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്
2. ശ്രീ. സന്തോഷ് കുമാർ വി.പി, ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കണ്ണൂർ
3. ശ്രീ. ബിജുകുമാർ ആർ.റ്റി, സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്
4. ശ്രീ. സനീഷ് കെ, സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കണ്ണൂർ

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

(മറുപുറം.....)

6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ